# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 392 — 6-2-2013-ൽ മറുപടിക്ക്

## വൈദ്യുതി ചാർജ് കുടിശ്ശിക

ചോദ്യം — ഉത്തരം

ശ്രീ. ഇ. ചന്ദ്രശേഖരൻ

ശ്രീ. ആര്യാടൻ മുഹമ്മദ്.
(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.)

(എ) സംസ്ഥാനത്ത് ഉപഭോക്താക്കളിൽ നിന്നും പിരിഞ്ഞുകിട്ടാനുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശിക എത്രയാണെന്ന് പൊതുമേഖല/സ്വകാര്യ മേഖലാ വ്യവസായങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, സ്വകാര്യ വ്യക്തികൾഎന്നിവ തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ

(എ) 30.09.2012 ലെ കണക്കനുസരിച്ച് വൈദ്യുതി ബോർഡിന് പിരിഞ്ഞു കിട്ടാനുള്ളത് 1206.29 കോടിയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| (i) | സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ | 95.27 കോടി |
| (ii) | സംസ്ഥാന പൊതുമേഖലയും, സഹകരണ സ്ഥാപനങ്ങളും | 490.75കോടി |
| (iii) | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ | 4.87 കോടി |
| (iv) | കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ | 0.62 കോടി |
| (v) | കേന്ദ്ര പൊതു മേഖല | 16.73 കോടി |
| (vi) | അന്തർ സംസ്ഥാന ഊർജ്ജ ഇടപാട് | 4.54 കോടി |
| (vii) | സ്വകാര്യ മേഖല | 571.9 കോടി |
| (viii) | ലൈസൻസികൾ | 21.61കോടി |
| | ആകെ | 1206.29 കോടി |

(ബി) കുടിശ്ശിക പിരിച്ചെടുക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീക രിച്ചിട്ടുള്ളത്

(ബി) കുടിശ്ശിക പിടിച്ചെടുക്കാനായി നിയമാനുസൃതമായ നിരവധി നടപടികൾ ബോർഡ് സ്വീകരിച്ചു വരുന്നുണ്ട്.

1. യഥാസമയം വൈദ്യുത ചാർജ്ജ് അടയ്ക്കാത്ത ഉപഭോക്താക്കളുടെ വൈദ്യുത ബന്ധം വിച്ഛേദിക്കുക.
2. ആറുമാസത്തിലേറെയായി വിച്ഛേദിച്ചിട്ടിരിക്കുന്ന വൈദ്യുത കണക്ഷനുകൾ അഴിച്ചു മാറ്റി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുക.
3. കുടിശ്ശിക ഒടുക്കുന്നതിന് തവണ വ്യവസ്ഥ അനുവദിക്കുക.
4. പൂട്ടിക്കിടക്കുന്ന എച്ച്. ടി. എൽ.ടി വിഭാഗങ്ങളിലുള്ള വ്യവസായ സ്ഥാപനങ്ങൾ, പ്ലാന്റേഷനുകൾ എന്നിവ നിശ്ചിത തീയതിയ്ക്ക് മുമ്പേ തുറന്നു പ്രവർത്തിക്കുകയാണെങ്കിൽ പൂട്ടിക്കിടന്ന കാലയളവിലെ ഡിമാന്റ് ചാർജ്ജ്/ഫിക്സഡ് ചാർജ്ജ് എന്നിവ ഒഴിവാക്കി നൽകുക.
5. ദീർഘകാലമായി കുടിശ്ശിക വരുത്തിയിട്ടുള്ള ഉപഭോക്താക്കൾ 'മുതൽ' ഒറ്റത്തവണയിലോ, തവണകളായോ ഒടുക്കിയാൽ പലിശയിൽ ഇളവനുവദിച്ചുകൊടുക്കുക, പൂട്ടിക്കിടക്കുന്ന വ്യസായശാലകൾ തുറന്നു പ്രവർത്തിക്കുന്നുവെങ്കിലോ, കുടിശ്ശിക കണക്കുകൾ അന്തിമമായി തീർപ്പാക്കുകയാണെങ്കിലോ, പലിശ 3% ആയി ഇളവു ചെയ്തു നൽകുന്നതാണ്. മറ്റ് ഉപഭോക്താക്കൾക്ക് പലിശ 5% ആയിരിക്കും. കുടിശ്ശികയിലെ മുതൽ ഒറ്റത്തവണയിൽ അടയ്ക്കുകയാങ്കിൽ മാത്രമേ മേൽ പ്രസ്താവിച്ച ഇളവുകൾ

ലഭിക്കുകയുള്ളൂ. അല്ലാത്തപക്ഷം പലിശ യഥാക്രമം 6% ഉം 9 % ഉം ആയിരിക്കുന്നതാണ്. ആ പദ്ധതിയുടെ കാലാവധി 31.03.2013 ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്

6. കോടതികളിൽകുടിശ്ശിക സംബന്ധിച്ച് നിലവിലുള്ള വ്യവഹാരങ്ങൾ വേഗത്തിൽ തീർപ്പാക്കാനുതകുന്ന പ്രവർത്തനങ്ങൾ നടത്തുക.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പിരിച്ചെടുത്ത കുടിശ്ശിക എത്രയെന്ന് അറിയിക്കാമോ ?

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 30.09.2012 വരെ എച്ച്.റ്റി. വിഭാഗത്തിൽ രൂപ 468.95 കോടി ഉം എൽ.റ്റി വിഭാഗത്തിൽ 31.12.2012 ലെ കണക്കനുസരിച്ച് ഏകദേശം 895 കോടി രൂപയും കുടിശ്ശികയിനത്തിൽ പിരിച്ചെടുത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ